# ഇടതുസർക്കാർ ഗുണ്ടാ മാഫിയാ പ്രീണനനയം അവസാനിപ്പിക്കണം

**അഡ്വ. തോമസ് ഉണ്ണിയാടൻ എംഎൽഎ**

സംസ്ഥാനത്തെ സൈ്വരജീവിതവും നിയമവാഴ്ചയും തകർത്തു തരിപ്പണമാക്കിയിരിക്കുന്ന ഇടതുസർക്കാരിന്റെ ഗുണ്ടാ-മാഫിയാ പ്രീണനനയം അവസാനിപ്പിക്കണമെന്ന് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.തോമസ് ഉണ്ണിയാടൻ എം.എൽ.എ. ആവശ്യപ്പെട്ടു.

നിരപരാധികളായ യാത്രക്കാർ പോലും ഇന്ന് സുരക്ഷിതരല്ല. കേരളത്തിലെ ജനങ്ങൾ ആകമാനം ഭയചകിതരാണ്. എന്നിട്ടും ആഭ്യന്തരമന്ത്രി പറയുന്നു, കേരളം സുരക്ഷിതമെന്നും തന്റെ വകുപ്പിന്റെ പ്രവർത്തനം അഭിനന്ദനാർഹമെന്നും. സാമാന്യബോധമുള്ള ആർക്കും അദ്ദേഹത്തിന്റെ അവകാശവാദത്തെ മുഖവിലയ്ക്കെടുക്കാൻ കഴിയില്ല. മുഖ്യമന്ത്രിക്കുപോലും, സംസ്ഥാനത്തെ ക്രമസമാധാന നില വഷളായതായി തുറന്നു സമ്മതിക്കേണ്ടി വന്നിരിക്കുന്നു.

മന്ത്രിസഭയുടെ തലവനായ മുഖ്യമന്ത്രിക്കുപോലും ക്രമസമാധാന നിലയെക്കുറിച്ച് മതിപ്പില്ലാത്ത അവസരത്തിൽ എത്രയും വേഗം ആഭ്യന്തരമന്ത്രി സ്ഥാനം കോടിയേരി ബാലകൃഷ്ണൻ രാജിവയ്ക്കുകയാണ് വേണ്ടത്. അതിനു തയ്യാറാകാത്ത അദ്ദേഹം രാഷ്ട്രീയ ധാർമികത ലവലേശം അവശേഷിക്കാതെ തനിക്ക് നഷ്ടമായിരിക്കുന്നു എന്നാണ് തെളിയിച്ചിരിക്കുന്നതെന്നും തോമസ് ഉണ്ണിയാടൻ കുറ്റപ്പെടുത്തി.


*ഗുണ്ടാ ഭീഷണിയിൽ നിന്നു കേരളത്തെ രക്ഷിക്കണമെന്നാവശ്യപ്പെട്ട് കേരളാ കോൺഗ്രസ് (എം) ഇരിങ്ങാലക്കുട നിയോജക മണ്ഡലം കമ്മിറ്റി നടത്തിയ സായാഹ്ന ധർണ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. തോമസ് ഉണ്ണിയാടൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. നിയോജകമണ്ഡലം പ്രസിഡണ്ട് റോക്കി ആളൂക്കാരൻ, ജില്ലാ സെക്രട്ടറി ടി.കെ.വർഗീസ് മാസ്റ്റർ, മണ്ഡലം പ്രസിഡണ്ട് പി.ടി.ജോർജ് എന്നിവർ സമീപം.*

ഗുണ്ടാ ഭീഷണിയിൽ നിന്നും കേരളത്തെ രക്ഷിക്കണമെന്നാവശ്യപ്പെട്ട് കേരളാ കോൺഗ്രസ് (എം) ഇരിങ്ങാലക്കുട നിയോജകമണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആൽത്തറയ്ക്കൽ നടത്തിയ സായാഹ്ന ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളാ കോൺഗ്രസ് (എം) നിയോജകമണ്ഡലം പ്രസിഡണ്ട് റോക്കി ആളൂക്കാരൻ അധ്യക്ഷത വഹിച്ചു. യുഡിഎഫ് ചെയർമാൻ ടി.കെ.വർഗീസ്, ടി.വി. വിനോദ്, പി.ടി.ജോർജ്, സി.ടി.ഡേവിസ്, ബിജോയ് തോമസ്, കെ.സതീഷ്, ഇ.വി. ആന്റോ, ടോം ജോസ്, കാളെം സത്യൻ, പി.എൽ.ജോർജ്, സി.എ.ജോൺസൻ, എം.കെ.കണ്ണൻ, പി.ആർ.സുശീലൻ, കെ.ചന്ദ്രൻ മാസ്റ്റർ, എം.പി. വിത്സൻ, ജൂലിയസ് ആന്റണി എന്നിവർ പ്രസംഗിച്ചു.

---

**നുറുങ്ങറിവുകൾ**

*ടി.കെ. മാറിയിടം*

# ആൽത്തറ, അത്താണി, തണ്ണീർപന്തൽ

യാത്ര എന്നു കേൾക്കുമ്പോൾ ഏതെങ്കിലും വാഹനത്തിന്റെ രൂപമാണ് മനസ്സിലുദിക്കുക. അത് സൈക്കിളും ഓട്ടോറിക്ഷയും മുതൽ കപ്പലും വിമാനവും വരെയാകാം. എന്നാൽ ഇതൊന്നുമില്ലാത്ത ഒരു കാലമുണ്ടായിരുന്നു. അന്ന് നാടുവാഴികളും ഭൂപ്രഭുക്കന്മാരും യാത്ര ചെയ്തിരുന്നത് മനുഷ്യർ ചുമക്കുന്ന പല്ലക്കിലും മേനാവിലും മറ്റുമായിരുന്നു. എന്നാൽ സാധാരണക്കാർക്കു ശരണം കാൽനട യാത്ര മാത്രം. വെറുതെ കയ്യും വീശിയുള്ള നടപ്പല്ല, തലയിലോ മുതുകിലോ ചുമടുമായിട്ടായിരുന്നു യാത്ര.

ഭാരിച്ചൊരു ചാക്കുകെട്ടും വഹിച്ച് മൈലുകൾ താണ്ടുമ്പോൾ തളർച്ചയുണ്ടാകും. വിശപ്പും ദാഹവും അനുഭവപ്പെടും. ഇന്നത്തെപ്പോലെ ഹോട്ടലുകൾ അന്നില്ലായിരുന്നു. അതിനാൽ യാത്രാമധ്യേ കഴിക്കാൻ 'പൊതിച്ചോറ്' കരുതും. പാതയോരത്തെ കിണറുകളിൽ നിന്ന് കുടിവെള്ളവും. അക്കാലത്താണ് അത്താണിയും തണ്ണീർപന്തലുമുണ്ടായത്.

പ്രജാക്ഷേമതത്പരരായ നാട്ടുരാജാക്കന്മാർ ദീർഘദൂരയാത്രക്കാർക്ക് ആശ്വാസത്തിനായി ഒട്ടേറെ കാര്യങ്ങൾ ചെയ്തു. അവർ നാട്ടുപാതയുടെ അരികിൽ തണൽമരങ്ങൾ നട്ടുവളർത്തി. കിണറുകളും കുളങ്ങളും കുഴിപ്പിച്ചു. ഇടവേളകളിൽ ഭാരമിറക്കാൻ അത്താണി (ചുമടുതാങ്ങി)കൾ സ്ഥാപിച്ചു. സമീപത്തായി ദാഹം അകറ്റാൻ തണ്ണീർപന്തലുകളും അല്പമിരുന്നു വിശ്രമിക്കാൻ ആൽത്തറകളും നിർമിച്ചു.



**പ്രജാക്ഷേമതത്പരരായ നാട്ടുരാജാക്കന്മാർ ദീർഘദൂരയാത്രക്കാർക്ക് ആശ്വാസത്തിനായി ഒട്ടേറെ കാര്യങ്ങൾ ചെയ്തു. അവർ നാട്ടുപാതയുടെ അരികിൽ തണൽമരങ്ങൾ നട്ടുവളർത്തി. കിണറുകളും കുളങ്ങളും കുഴിപ്പിച്ചു. ഇടവേളകളിൽ ഭാരമിറക്കാൻ അത്താണി (ചുമടുതാങ്ങി)കൾ സ്ഥാപിച്ചു. സമീപത്തായി ദാഹം അകറ്റാൻ തണ്ണീർപന്തലുകളും അല്പമിരുന്നു വിശ്രമിക്കാൻ ആൽത്തറകളും നിർമിച്ചു.**

ദീർഘചതുരാകൃതിയിൽ കീറിയെടുത്ത മൂന്ന് കരിങ്കൽത്തൂണുകൾ പാതയോരത്ത് സമദൂരത്തിൽ കുഴിയെടുത്ത് നടുന്നു. അതേ ആകൃതിയിലുള്ള രണ്ട് കരിങ്കൽപ്പാലങ്ങൾ, തൂണുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മുകൾനിരപ്പിൽ സ്ഥാപിക്കുന്നു. ഇതാണ് 'അത്താണി' അഥവാ 'ചുമടുതാങ്ങി'.

വഴിപോക്കർക്ക് മോരുംവെള്ളം (സംഭാരം) നല്കാൻ അത്താണിക്കു സമീപം സ്ഥാപിച്ച കുടിലാണ് 'തണ്ണീർപന്തൽ'. അവിടെ ചില കുടുംബങ്ങൾ വഴിപാടായി സംഭാരദാനം നടത്തിയിരുന്നു. മറ്റു ചിലയിടങ്ങളിൽ നാടുവാഴികൾ പ്രതിഫലം നല്കി സംഭാരക്കാരെ നിയമിച്ചിരുന്നു.

ദൂരദേശങ്ങളിൽ നിന്ന് നടന്നു തളർന്നെത്തുന്ന പഥികൻ ചുമടുതാങ്ങിയിൽ ഭാരമിറക്കി മുഖവും കൈകാലുകളും കഴുകി, തണ്ണീർപന്തലിൽ നിന്ന് മോരുംവെള്ളം വാങ്ങി കുടിച്ച ശേഷം രണ്ടാംമുണ്ടെടുത്ത് വിയർപ്പ് തുടച്ച് ആൽത്തറയിലിരുന്ന് കിതപ്പുമാറ്റുന്നു. ആശ്വാസത്തിന് ഇളംകാറ്റിന്റെ തലോടലും. സുഖം!

കാലം നീങ്ങി. പലതരം വാഹനങ്ങളുണ്ടായി. കാൽനടക്കാർ കുറഞ്ഞു. അങ്ങനെ പ്രസക്തി നഷ്ടപ്പെട്ടതോടെ പഴയ ഇടത്താവളങ്ങൾ അപ്രത്യക്ഷമായി. അവയുടെ ശേഷിപ്പെന്നോണം ആൽത്തറകൾ ഇന്നുമുണ്ട് പലേടത്തും. അത്താണികൾക്കു സ്മാരകമായി ചില സ്ഥലനാമങ്ങളും. ഉദാ: പുത്തനത്താണി, രണ്ടത്താണി മുതലായവ.

CYAN MAGENTA YELLOW BLACK

കണ്ണിനും കണ്ണാടിക്കും

എസ്. കൃഷ്ണദാസ്

# അക്കാദമി അന്തർജനത്തോട് കാണിച്ചത് ?

**ഘോഷാ വെടിഞ്ഞ് സമുദായത്തിനുനേരെ മുഖം കാണിക്കാനും, സമൂഹത്തിലിറങ്ങാൻ അകത്തുള്ളോർക്കു കഴിഞ്ഞതിനും അന്തർജനത്തിന്റെ തൂലിക ചെറിയ പങ്കൊന്നുമല്ല വഹിച്ചത്. ഇത്തരത്തിൽ ഔന്നത്യമാർന്ന വേഷഭൂഷകളും സർഗാത്മകലാളിത്യവും ചരിത്രത്തിനുണ്ടായിരിക്കെയാണ് ജന്മശതാബ്ദിയുടെ കടന്നുവരവ്. കേന്ദ്ര സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ കേരള സാഹിത്യ അക്കാദമി നടത്തിയ ഗുരുവന്ദനം. സാഹിത്യ പ്രേമികളെയും അനുവാചകരെയും സാഹിത്യ വിശ്വാസികളെയും അകറ്റിനിർത്താൻ അത്യുത്സാഹം കാണിച്ച ഈ ആണ്ടുശ്രാദ്ധം, അക്കാദമിയുടെ അറിവുകേടിന് ആനച്ചന്തം നല്കിയിരിക്കുന്നു!**

പൈശുന്യം മൂത്ത വിഭാഗീയതയുടെ പോർക്കളത്തിൽ ദയാശൂന്യമായ പ്രത്യയശാസ്ത്രം സംഗമങ്ങൾക്കും സംഹാരത്തിനുമൊരുങ്ങുമ്പോൾ വഴിനിശ്ചയമുള്ള രാഷ്ട്രീയം മാത്രമല്ല, സാമൂഹ്യബന്ധങ്ങളും സാംസ്കാരിക രംഗവും മലീമസമാവുന്നു. സാപേക്ഷികമായ കൂട്ടായ്മകളെ പാർശ്വവത്ക്കരിക്കാനും വിനയാന്വിതമായ സാത്ത്വിക വ്യക്തിത്വങ്ങളെ അവശ്യം നിരാകരിക്കാനും മടിയില്ല, സർക്കാർ അനുബന്ധ സാംസ്കാരിക സ്ഥാപനങ്ങളിലെ പ്രജാപതിമാർക്കും!

ആഘോഷങ്ങളുടെ തിരിവെട്ടത്തിൽ മാത്രം തെ(ഞെ)ളിയുന്ന ധാർഷ്ട്യത്തിന്റെ മൊത്തക്കച്ചവടക്കാർ അക്ഷരനഗരിയിൽ ഇതാ ഒരു സാഹിത്യകലശം കൂടി നടത്തിയിരിക്കുന്നു; ലളിതാംബിക അന്തർജനത്തിന്റെ പേരിൽ. അതാവട്ടെ, ആധുനികോത്തര കഥാവിരുന്നിന്റെ സമൃദ്ധമായ തിമിർപ്പിനപ്പുറം ആദരണീയമായ ആചാരവെടിപ്പൊന്നും പ്രകടമാക്കിയതുമില്ല.

കോട്ടവട്ടത്ത് ഇല്ലം ദാമോദരൻ നമ്പൂതിരിയുടെയും ചങ്ങാരപ്പള്ളി മനയ്ക്കൽ ആര്യാദേവി അന്തർജനത്തിന്റെയും മകളായി 1909 മാർച്ച് 30ന് ജനിച്ച ലളിതാംബിക അന്തർജനം, പതിനെട്ടാം വയസ്സിൽ അമനകര മനയിലെ നാരായണൻ പോറ്റിയുടെ വേളിയായി രാമപുരത്തെത്തി. അകത്തമ്മയായി ചടഞ്ഞുകൂടാമായിരുന്നിട്ടും സഹജീവികളുടെ ദുരിതദു:ഖങ്ങളിലായിരുന്നു അവരുടെ കണ്ണത്രയും. യാഥാസ്ഥിതിക പാരമ്പര്യത്തിന്റെ മനക്കുട ചൂടിയിരുന്നവരെ പുരോഗമനത്തിന്റെ പരിഷ്കൃത ഗുണാഢ്യം പഠിപ്പിക്കാനായി സാഹിത്യത്തെ കൈയേല്ക്കുകയായിരുന്നു, ലളിതാംബിക അന്തർജനം.

ഘോഷാ വെടിഞ്ഞ് സമുദായത്തിനുനേരെ മുഖം കാണിക്കാനും, സമൂഹത്തിലിറങ്ങാൻ അകത്തുള്ളോർക്കു കഴിഞ്ഞതിനും അന്തർജനത്തിന്റെ തൂലിക ചെ

**'രക്തത്തെ മുലപ്പാലാക്കി മാറ്റുന്ന പ്രകൃതിയുടെ രാസപ്രക്രിയയാണ് സത്യത്തെ കലയാക്കി മാറ്റുന്ന ഭാവനയിലും നിരന്തരം നടക്കുന്നതെന്ന്' അഗ്നിസാക്ഷി നോവലിൽ അനുബന്ധം കുറിച്ച ലളിതാംബിക അന്തർജനത്തിന്റെ സാഹിത്യ സേവനങ്ങളെ വ്യക്തമായി പരിപ്രേക്ഷ്യം ചെയ്യാതെയുള്ള ഒരു സാഹിത്യചർച്ചയും പൂർണമായിരിക്കില്ല.**



*ലളിതാംബിക അന്തർജനം*

റിയ പങ്കൊന്നുമല്ല വഹിച്ചത്. ഇത്തരത്തിൽ ഔന്നത്യമാർന്ന വേഷഭൂഷകളും സർഗാത്മകലാളിത്യവും ചരിത്രത്തിനുണ്ടായിരിക്കെയാണ് ജന്മശതാബ്ദിയുടെ കടന്നുവരവ്. കേന്ദ്ര സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ കേരള സാഹിത്യ അക്കാദമി നടത്തിയ ഗുരുവന്ദനം. സാഹിത്യ പ്രേമികളെയും അനുവാചകരെയും സാഹിത്യ വിശ്വാസികളെയും അകറ്റിനിർത്താൻ അത്യുത്സാഹം കാണിച്ച ഈ ആണ്ടുശ്രാദ്ധം, അക്കാദമിയുടെ അറിവുകേടിന് ആനച്ചന്തം നല്കിയിരിക്കുന്നു!

കേരളവും മലയാളസാഹിത്യവും രചനാ കൗശലം കൊണ്ടെങ്കിലും നെഞ്ചോടു ചേർക്കേണ്ട മഹാപ്രതിഭയെ സ്വക്ഷേത്രമായ പാലായിലും രാമപുരത്തും ബലവത്താക്കാതെ, അവലോകനത്തിനു മാത്രമായി കോട്ടയം നഗരത്തിലേക്കെഴുന്നെള്ളിച്ചതെന്തിനായിരുന്നു? അന്തർജനത്തിന്റെ ജന്മശതാബ്ദി ജനകീയ സാഹിത്യോത്സവമാക്കാൻ ഒരുങ്ങിയിറങ്ങിയ രാമപുരം നിവാസികളിൽനിന്നും തട്ടിയെടുത്ത് നഗരത്തിലെ വായനശാലയുടെ അതിഥി മന്ദിരത്തിലെ ശുഷ്കസദസിൽ അന്തർജന സാഹിത്യത്തിനു വിലപറയുകയായിരുന്നു; വിലയിരുത്തുകയായിരുന്നില്ല.

തൃശൂരിനും കണ്ണൂരിനും മയ്യഴിക്കും ചിറയ്ക്കലിനും മാത്രം ബഹുമാനികളായ മനീഷികളെ കോട്ടയത്തിന്റെ വാണിജ്യചാരുതനുകരാൻ എതിരേറ്റവർ അന്തർജനത്തിന്റെ ഉറ്റമിത്രങ്ങളെ സൗകര്യപൂർവം മറന്നു.

ആമുഖമില്ലാതെ അന്തർജനത്തെപ്പറ്റി വാചാലരാകാമായിരുന്നവർ ആരും തന്നെ സദസിലുണ്ടായിരുന്നില്ല. നഗരത്തിന്റെ ചുറ്റുവട്ടങ്ങളിലും, പത്രസ്ഥാപനങ്ങിലുമുള്ളവർ പിന്നെ വിശ്രമജീവിതം നയിക്കുന്നവരും തുടങ്ങി അന്തർജനത്തിന്റെ ആത്മാവിനെ തൊട്ടറിഞ്ഞവരെ അകറ്റിനിർത്താനായിരുന്നു സംഘാടകർക്കു താത്പര്യം.

അമ്പലപ്പുഴ രാമവർമ, പനച്ചിപ്പുറം, കെ.സി.നാരായണൻ, വി.സി.ഹാരിസ്, ഡോ.കുര്യാസ് കുമ്പളക്കുഴി, പി.ബാലചന്ദ്രൻ തുടങ്ങി സി.ആർ.ഓമനക്കുട്ടനും തേക്കിൻകാട് ജോസഫിനും കെ.എം.മാത്യുവിനും കെ.എം.റോയിക്കും പറയാനുണ്ടാവില്ലേ, ലളിതാംബിക അന്തർജനവുമായുള്ള സൗഹൃദത്തെപ്പറ്റി? ഈ യാഥാർത്ഥ്യത്തിനു നേരെ മുഖം തിരിക്കാനായിരുന്നോ മൂന്നു സെഷനുകളിലായി ചതുർവിധ ചർവണം നടത്തിയ വിഷയങ്ങൾ എടുത്തിട്ടു കശക്കിയത്?

സ്വാതന്ത്ര്യസങ്കല്പവും, സാഹിത്യജീവിതവും, സാഹിത്യത്തിലെ സ്ത്രീസാന്നിധ്യവും അക്കാദമിയുടെ ചരിത്രത്തിലെ മായാത്ത വിഷയങ്ങളാണ്. ആധുനിക കാലത്തിന്റെ നടത്തിപ്പുകാരെന്നവകാശപ്പെടുന്നവർക്കു മുന്നിൽ ആഗോളപ്രശ്നങ്ങൾ അലകടലെന്നോണം കിടക്കെ ഇപ്പോഴും ചില പ്പതികാരകാലത്തെ ചിലമ്പ് തേടുന്നത് ആരെ തൃപ്തിപ്പെടുത്താനാണ്?

8 >>

## അറിയേണ്ടും കാര്യങ്ങൾ

### ദക്ഷിണ കൊറിയ ഒരുങ്ങുന്നു; ടാൻസാനിയയെ വികസിപ്പിക്കാൻ



ആഫ്രിക്കൻ രാജ്യമായ ടാൻസാനിയയുടെ 1000 സ്ക്വയർ കിലോമീറ്റർ (386 സ്ക്വയർ മൈൽ) പ്രദേശത്തിന്റെ വികസനത്തിന്റെ മേല്നോട്ടം ദക്ഷിണ കൊറിയ ഏറ്റെടുത്തു. ഇതിൽ പകുതി ഭൂമി തദ്ദേശീയരായ കൃഷിക്കാർക്കുവേണ്ടിയാണ്. ബാക്കിയുള്ളത് ദക്ഷിണ കൊറിയയ്ക്കുവേണ്ടി ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെയുള്ളവ സംസ്കരിക്കുന്നതിനും.

വികസിത രാജ്യങ്ങൾ അവികസിത രാജ്യങ്ങളുമായി, പ്രത്യേകിച്ച് ആഫ്രിക്കൻ രാജ്യങ്ങളുമായി ഈ വിധം കരാറിൽ ഏർപ്പെടുന്നത് ഇന്ന് സാധാരണമായിരിക്കുന്നു. അത്തരത്തിലുള്ള ഏറ്റവും പുതിയ കരാറാണ് ദക്ഷിണ കൊറിയയും ടാൻസാനിയയും തമ്മിൽ നിലവിൽ വന്നിരിക്കുന്നത്. കഴിഞ്ഞവർഷം മഡഗാസ്കറിലെ വലിയ ഭൂപ്രദേശം വികസനപ്രവർത്തനങ്ങൾക്കായി ദക്ഷിണ കൊറിയ ഈ വിധം ഏറ്റെടുത്തിരുന്നു. ചൈന, സൗദി അറേബ്യ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളും ആഫ്രിക്കയിലെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട കരാറുകളിൽ തത്പരരാണ്.

ടാൻസാനിയയിൽ ഭക്ഷ്യ എണ്ണ, വൈൻ എന്നിവയാണ് ദക്ഷിണ കൊറിയ സംസ്കരിച്ചെടുക്കുക. ഇതിൽനിന്നും കരാർ പ്രകാരം ടാൻസാനിയൻ സർക്കാരിന് വിഹിതം ലഭിക്കും.

ആഫ്രിക്കൻ രാജ്യങ്ങളിൽ ബഹുഭൂരിപക്ഷവും വൻ വികസന സാധ്യതകളുള്ളവയാണ്. എന്നാൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ അപര്യാപ്തതയും ആധുനിക സംസ്കരണ സംവിധാനങ്ങളുടെ അഭാവവും വികസനം മുരടിപ്പിച്ചിരിക്കുന്നു. ഈ സാഹചര്യത്തിലാണ് മറ്റു രാജ്യങ്ങളുടെ നിക്ഷേപ സാധ്യത.

പഴവർഗങ്ങൾ വൻതോതിൽ ചില ആഫ്രിക്കൻ രാജ്യങ്ങൾ കയറ്റുമതി ചെയ്യുന്നു. എന്നാൽ ഇതേ രാജ്യങ്ങൾക്കു തന്നെ പഴച്ചാറുത്പന്നങ്ങൾ ഇറക്കുമതി ചെയ്യേണ്ടിയും വരുന്നു. ഒലിവിന്റെ കയറ്റുമതി രാജ്യങ്ങൾ തന്നെ ഒലിവ് എണ്ണയ്ക്കായി മറ്റു രാജ്യങ്ങളെ ആശ്രയിക്കുന്നു. ഇതാണ് ആഫ്രിക്കയിലെ പൊതുവായ സ്ഥിതി.

ആഫ്രിക്കൻ രാജ്യങ്ങളെ കോളനികളാക്കി ആധിപത്യം ഉറപ്പിച്ചിരുന്നവർ അവരെ സ്വന്തം മണ്ണിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കൾ സംസ്കരിക്കുന്നതെങ്ങനെ എന്നുമാത്രം പഠിപ്പിച്ചില്ല. അതാണ് ആ രാജ്യങ്ങളുടെ വികസന മുരടിപ്പിനു പ്രധാന കാരണമെന്ന് ദക്ഷിണ കൊറിയൻ അധികൃതർ പറയുന്നു.

പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 100 സ്ക്വയർ കിലോമീറ്റർ ഭൂപ്രദേശത്തിന്റെ വികസനത്തിനായി 83 മില്യൺ ഡോളറാണ്(400 കോടി രൂപ) ചിലവഴിക്കുക. ഇരുമ്പയിര്, സ്വർണം, കോപ്പർ തുടങ്ങിയ ലോഹങ്ങളുടെയും വൻ നിക്ഷേപമുള്ള ടാൻസാനിയയിൽ ദക്ഷിണ കൊറിയ തുടക്കമിട്ടിരിക്കുന്നത് വൻ സാമ്പത്തിക കൊയ്ത്തിനാണെന്നത് വ്യക്തം.

*******

CYAN MAGENTA YELLOW BLACK

# ക്രൊപാസംഭരണം സംസ്ഥാന സർക്കാർ അട്ടിമറിച്ചു

## ജോൺ പൂതക്കുഴി

കേന്ദ്ര സർക്കാർ ക്വിന്റലിന് 4450 രൂപ വില നിശ്ചയിച്ച് ക്രൊപ്രാ സംഭരിക്കുവാൻ എടുത്ത തീരുമാനം സംസ്ഥാനത്തെ ഇടതു സർക്കാർ അട്ടിമറിച്ചിരിക്കുകയാണെന്ന് കേരളാ കോൺഗ്രസ് (എം) കോഴിക്കോട് ജില്ലാ പ്രസിഡണ്ട് ജോൺ പൂതക്കുഴി ആരോപിച്ചു. കേരള കർഷകയൂണിയൻ (എം) കോഴിക്കോട് ജില്ലാ നേതൃയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മണ്ഡരി, കൂമ്പുചീയൽ തുടങ്ങിയ രോഗങ്ങൾ മൂലം തേങ്ങ ക്രമാതീതമായി കുറഞ്ഞിരിക്കുന്നു. സംസ്ഥാനത്തെ കേരകർഷകർ പ്രതിസന്ധികളുടെ മൂർധന്യാവസ്ഥയിലാണ്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ക്രൂരവും തികച്ചും സങ്കുചിത രാഷ്ട്രീയ താത്പര്യത്തെ മുൻനിർത്തിയുള്ളതുമായ തെറ്റായ സമീപനങ്ങൾ കേരകർഷകരെ ആത്മഹത്യയുടെ വക്കിലെത്തിച്ചിരിക്കുന്നു.

ഈ സന്ദർഭത്തിൽ മുതലെടുപ്പു നടത്തുവാനാണ് സ്വകാര്യ ലോബി ശ്രമിക്കുന്നത്. അവർക്ക് അതിനുള്ള അവസരം ഇടതുസർക്കാരാണ് ഒരുക്കിയത്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച നിരക്കിൽ എത്രയും വേഗം കൊപ്രാസംഭരണം നടത്തുവാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും ജോൺ പൂതക്കുഴി ആവശ്യപ്പെട്ടു.



*കേരളാ കർഷകയൂണിയൻ (എം) കോഴിക്കോട് ജില്ലാ നേതൃയോഗം കേരളാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് ജോൺ പൂതക്കുഴി ഉദ്ഘാടനം ചെയ്യുന്നു.*

കർഷകയൂണിയൻ (എം) ജില്ലാ പ്രസിഡണ്ട് ജോൺസൺ കുളത്തിങ്കൽ അധ്യക്ഷത വഹിച്ചു. കേരളാ കോൺഗ്രസ് (എം) ജില്ലാ സെക്രട്ടറി എൻ.വി.ബാബുരാജ്, കർഷകയൂണിയൻ ജില്ലാ ഭാരവാഹികളായ ടോജോ കൈനടി, ജോസ് എട്ടിയിൽ, സി.സി.തോമസ്, ദേവസ്യ കാളംപറമ്പിൽ, റോബിറ്റ് മുതുക്കുളങ്ങര, കേരളാ വനിതാ കോൺഗ്രസ് ജില്ലാ വൈസ് പ്രസിഡണ്ട് ലക്ഷ്മി തടത്തിൽ, ജനറൽ സെക്രട്ടറി ഷേർലി ബാബു, യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന വൈസ് പ്രസിഡണ്ട് ബെന്നി അന്തീനാട്ട്, ജില്ലാ പ്രസിഡണ്ട് സന്തോഷ് ജോൺ, സെബാസ്റ്റ്യൻ മണലോടി എന്നിവർ പ്രസംഗിച്ചു.

# ബേബി അഗസ്റ്റിൻ റബർ മാർക്കറ്റിംഗ് പ്രസിഡണ്ട്

കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡണ്ടായി ബേബി അഗസ്റ്റിൻ കാപ്പുകാട്ടിൽ തെരഞ്ഞെടുക്കപ്പെട്ടു. കേരളാ കോൺഗ്രസ് (എം) കോഴിക്കോട് ജില്ലാ വൈസ് പ്രസിഡണ്ടാണ് അദ്ദേഹം.

സൊസൈറ്റി വൈസ്പ്രസിഡണ്ടായി എം.ടി.അഷ്റഫിനെയും ഭരണസമിതിയംഗങ്ങളായി വി.സി.ജോസഫ് കോടഞ്ചേരി, കെ.വി.ദേവസ്യ കോടഞ്ചേരി, പി.ജെ.പോൾ കൂരാച്ചുണ്ട്, അനു തോമസ് കല്ലാനോട്, ടി.എ.മാത്യു കോഴിക്കോട്, സന്തോഷ് ജോൺ കാരശ്ശേരി, സി.കെ. ഗിരീഷ് മടവൂർ, കുമാരൻ പുനത്തിൽ, അന്നമ്മ അറയ്ക്കൽ എന്നിവരെയും തിരഞ്ഞെടുത്തു.



# നിയമന നിരോധനം പിൻവലിക്കണം

## യൂത്ത് ഫ്രണ്ട് (എം)

സംസ്ഥാന സർക്കാർ രഹസ്യമായി നടപ്പാക്കി വരുന്ന നിയമന നിരോധനം ഉടൻ പിൻവലിക്കണമെന്ന് കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി സാജൻ തൊടുക ആവശ്യപ്പെട്ടു.

സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ യഥാവിധി പി.എസ്.സിയെ അറിയിക്കാതെ നിയമന നിരോധനം നടപ്പിലാക്കുന്നത് ഇവിടത്തെ ലക്ഷക്കണക്കിനു തൊഴിൽ രഹിതരായ യുവാക്കളോടുള്ള വെല്ലുവിളിയാണ്.

പഴയ പി.എസ്.സി ലിസ്റ്റിൽ നിന്നും ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്തണമെന്നും സാജൻ തൊടുക ആവശ്യപ്പെട്ടു.

>> 7

# അക്കാദമി അന്തർജനത്തോട് കാണിച്ചത് ?

ചർച്ചയ്ക്കായി നീക്കിവച്ച തലവരിപ്പണം എണ്ണിവാങ്ങാനും നഗരമധ്യത്തിൽ തമ്പടിക്കാനും മാത്രമൊരു വിഷയം നീക്കിവച്ചത് സാഹിത്യത്തിനു ഗുണം ചെയ്യുന്നുണ്ടോ? ദോഷവിചാരകാലത്തെ മൂഢാത്മാവുകൾക്ക് ഉറക്കമിളച്ചെഴുതാൻ നിർദേശിച്ച സാഹിത്യഭീകരരുടെ വെടിയൊച്ചയ്ക്ക് ആരെങ്കിലും ചെവികൊടുത്തോ?

സ്നേഹാദരപൂർവം അക്കാദമി പ്രസിഡണ്ട് എം.മുകുന്ദനും സെക്രട്ടറി പുരുഷൻ കടലുണ്ടിയും കേന്ദ്ര സാഹിത്യ അക്കാദമി റീജിയണൽ സെക്രട്ടറി എ.എസ്.ഇളങ്കോവനും നല്കുന്ന ക്ഷണപത്രിക ഇടതുപക്ഷ ചേരിയെ സംരക്ഷിക്കാൻ പോരുന്നതാണ്. വൈക്കം വിശ്വനും വി.എൻ.വാസവൻ എംഎൽഎയും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.പി.സുഗുണനും അന്തർജനത്തെക്കുറിച്ച് സ്മരിക്കാനുണ്ടാവുമല്ലോ! ഏഴാച്ചേരി രാമചന്ദ്രനും ഒ.എൻ.വി. കുറുപ്പിനും പങ്കുവയ്ക്കാനുള്ള വലിയ അനുഭവങ്ങൾക്കുമുന്നിൽ അശോകൻ ചരുവിലും വി.എൻ. മുരളിയും ടി.എൻ. പ്രകാശും എന്തായിരിക്കും പറഞ്ഞിരിക്കുക!

സുജ സൂസൻ ജോർജും ഡോ.എസ്. ശാരദക്കുട്ടിയും സി.എസ്.ചന്ദ്രികയും സ്ത്രീപക്ഷത്തു നിലയുറപ്പിച്ചാലും കണിമോളുടെയും തനൂജ എസ്.ഭട്ടതിരിയുടെയും ഗീതാബക്ഷിയുടെയും നില പരുങ്ങലിലായിരിക്കും. സാഹിത്യരംഗത്തെ അന്തർനാടകങ്ങൾ ആർഭാടവും ആലങ്കാരികവുമായ ക്ഷണക്കുറികളിലൂടെ മാത്രം രേഖാചിത്രമൊരുക്കുമ്പോൾ സൂക്ഷിക്കേണ്ടതുണ്ട്; പ്രായോഗിക തലത്തിലെ ശൂന്യതയിൽ കുപിതരാവുന്നവരുടെ അക്ഷമ വർധിക്കുന്നതിൽ.

സാഹിത്യ കലയിലൊരു വിരുദ്ധചേതി ഉണ്ടാക്കിയെടുക്കാനുള്ള തീവ്രശ്രമത്തിന്റെ അനന്ധാനത്തിന് അക്കാദമി കുടപിടിച്ചുവെന്നതാണ് അന്തർജനത്തെ അഗ്നിസാക്ഷിയാക്കി മുകുന്ദനും സംഘവും നേടിയത്. 'രക്തത്തെ മുലപ്പാലാക്കി മാറ്റുന്ന പ്രകൃതിയുടെ രാസപ്രക്രിയയാണ് സത്യത്തെ കലയാക്കി മാറ്റുന്ന ഭാവനയിലും നിരന്തരം നടക്കുന്നതെന്ന്' അഗ്നിസാക്ഷി നോവലിൽ അനുബന്ധം കുറിച്ച ലളിതാംബിക അന്തർജനത്തിന്റെ സാഹിത്യ സേവനങ്ങളെ വ്യക്തമായി പരിപ്രേക്ഷ്യം ചെയ്യാതെയുള്ള ഒരു സാഹിത്യ ചർച്ചയും പൂർണമായിരിക്കില്ല.

മലയാള സാഹിത്യത്തിന്റെ ഈടുവെയ്പിൽ ഷഷ്ടിപൂർത്ത്യുപഹാരങ്ങളും അനുസ്മരണ പ്രഭാഷണങ്ങളും ശതാബ്ദിയാഘോഷങ്ങളും വേറിട്ടൊരു ചിന്താപഥം ഒരുക്കിയിട്ടുണ്ട്. പൊലിവു വാങ്ങിയും നാടകം കളിച്ചും തിങ്ങിനിറഞ്ഞ സദസു സൃഷ്ടിച്ചവർ-വായിച്ചും വ്യാഖ്യാനിച്ചും പ്രഭാഷണകലയെ ചക്രവാളത്തോളം വികസ്വരമാക്കി. ഇതൊന്നും ഏശാതെപോയ ജന്മശതാബ്ദിഷഷ്ടിപൂർത്തി-നവതി ഘോഷങ്ങളും കൈരളിക്ക് അപരിചിതമല്ല.

രണ്ടു സാഹിത്യ അക്കാദമികൾ സമന്വയിച്ച കെട്ടുകാഴ്ചയ്ക്കു മുന്നിലെ തീവെട്ടി കണ്ട് ഇപ്പോൾ സംശയിക്കുന്നത് സാഹിത്യപ്രേമികളാണ്. ലളിതാംബിക അന്തർജനത്തിന്റെ തട്ടകമായ രാമപുരമെന്ന നന്മകളാൽ സമൃദ്ധമായ നാട്ടിൻ പുറത്തെ വിസ്മരിച്ച് നഗരമധ്യത്തിലൊരുക്കിയ 'കാർണിവലി'ൽ എന്താണ് സംഭവിച്ചത്? ആരെല്ലാമോ ചൂതുകളിച്ചും കിലുക്കികുത്തിയും ഉള്ളതെല്ലാം തൂത്തുവാരിയെടുത്തു. ഇതുകൊണ്ടു മലയാള സാഹിത്യം എന്തുനേടി; അന്തർജനത്തിന്റെ കൃതികളെ ഒരു പുനർവായനയ്ക്കെങ്കിലും സജ്ജമാക്കിയോ?

കേരള സാഹിത്യ അക്കാദമിയുടെ അധ്യക്ഷപദവി അലങ്കരിച്ചിട്ടുള്ള ലളിതാംബിക അന്തർജനത്തോട് നീതികാണിക്കാൻ കഴിഞ്ഞോ, നമ്മുടെ അക്കാദമിക്ക്? ഉത്തരം പറയേണ്ടതുണ്ട്, എം. മുകുന്ദൻ. വർത്തമാനകാല ദുഃസ്വപ്നങ്ങളിൽ ഊണുറക്കം നഷ്ടപ്പെടുന്നവർക്ക് തലചായ്ക്കാനുള്ളതാണോ സാംസ്കാരിക തലസ്ഥാനത്തെ അക്കാദമി മന്ദിരം? അങ്ങനെ വന്നാൽ അവിടെ നടക്കുന്നതും തീരുമാനിക്കുന്നതും തലതിരിഞ്ഞതാവാനേ വഴിയുള്ളൂ. ജന്മശതാബ്ദിയുടെ പേരിൽ അന്തർജനത്തെയും വലിച്ചിഴച്ചെന്നുമാത്രം. നമ്മുടെ പൈതൃകത്തോട് നാം കാണിക്കുന്ന നന്ദികേട്. ●

സമകാലികം

ജോസാന്റണി

# വിഭവവും വൈഭവവും മൂല്യവും

**കൈ**യിൽ പണം ധാരാളമുള്ളവരല്ല, ഓഹരിവിപണയിൽ പണമെറിഞ്ഞു കളിക്കാൻ തയ്യാറാകുന്നവരുടെ പണമുപയോഗിച്ച് ബുദ്ധിപൂർവം ചൂതാട്ടം നടത്താൻ ശേഷിയുള്ള ബഹുരാഷ്ട്രകുത്തകകളാണ് ഇന്ന് ലോകം ഭരിക്കുന്നത്. അക്ഷരാർത്ഥത്തിൽ തന്നെ ലോകം ഭരണകൂടങ്ങൾക്കതീതവും നേർത്ത അതിർവരമ്പുകൾ മാത്രമുള്ളതുമായി തീർന്നിട്ടുമുണ്ട്. മാർക്സിന്റെ കാലത്തിനു ശേഷം ലോകത്തു സംഭവിച്ചിട്ടുള്ള മാറ്റങ്ങൾ വേണ്ടതുപോലെ പഠിക്കാതെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധി തരണംചെയ്യാൻ ആർക്കുമാവില്ല.



ലോക സാമ്പത്തികരംഗം ഒരു വലിയ പ്രതിസന്ധിയിലാണെന്ന് എല്ലാവരും പറയുന്നു. ഉപഭോക്താക്കൾക്ക് ഉത്പന്നങ്ങൾ വാങ്ങാനുള്ള ശേഷി കുറയുകയും ഉത്പാദനം ആവശ്യത്തെക്കാൾ കൂടുതലാവുകയും ചെയ്യുന്നതിന്റെ ഫലമാണിതെന്ന് പറയാം. പക്ഷേ ഈ സമാധാനം അടിസ്ഥാന കാരണത്തെ സ്പർശിക്കുന്നേയില്ല. എന്തുകൊണ്ടാണ് ഉപഭോക്താക്കൾക്ക് ഉത്പന്നങ്ങൾ വാങ്ങാനുള്ള ശേഷി കുറയുന്നത്? പണിചെയ്ത് പണം നേടാനുള്ള അവസരം കുറയുന്നതുകൊണ്ടുതന്നെ. ഈ പ്രശ്നം ലോകത്തെ നിർണായക സാമ്പത്തിക ശക്തിയായ അമേരിക്കയിൽ ശക്തമായതെങ്ങനെയാണ്?

അമേരിക്ക ഒരു രാഷ്ട്രമെന്ന നിലയിൽ വൻതോതിൽ പണം ഉണ്ടാക്കിക്കൊണ്ടിരുന്നത് രാജ്യങ്ങൾക്കിടയിൽ സംഘർഷങ്ങൾ സൃഷ്ടിച്ചുകൊണ്ടും അവയെ തമ്മിലടിപ്പിക്കാൻ ആയുധങ്ങൾ വ്യാപകമായി വിറ്റഴിച്ചുകൊണ്ടുമായിരുന്നു. എന്നാൽ ആയുധനിർമാണകമ്പനികൾക്ക് മറ്റൊന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ഇന്ന് ലോകവിപണിയെ സ്വാധീനിക്കുന്ന പ്രധാന ഉത്പന്നങ്ങൾ വിവരങ്ങളും വിനോദോപാധികളുമാണ്. അമേരിക്കക്കാർക്ക് 100 ഡോളർ നല്കിയാൽ മാത്രം ചെയ്യുന്ന പണിക്ക് ലോകത്തിലെ മറ്റു രാജ്യങ്ങളിലെ പൗരന്മാർക്ക് അതിന്റെ പത്തിലൊന്നു കൊടുത്താൽ മതിയെന്ന സ്ഥിതി പണ്ടേ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അവർക്ക് സ്വന്തം നാട്ടിലിരുന്നു തന്നെ പണി പൂർത്തിയാക്കി ഉത്പാദകർക്ക് നല്കാവുന്നവിധം വിവര സാങ്കേതികവിദ്യ വികസിച്ചു കഴിഞ്ഞു.

കമ്പനികളെ ബഹുരാഷ്ട്ര സ്വഭാവമുള്ളതാക്കിയാൽ ഉത്പാദനപ്രക്രിയ ഭരണകൂടങ്ങളുടെ നിയന്ത്രണത്തിൽനിന്നു സ്വതന്ത്രമാക്കാനും, അതിലുപരി ഭരണകൂടങ്ങളെ സ്വന്തം താളത്തിനു തുള്ളുന്നവയാക്കി മാറ്റാനും ഓഹരിവിപണയിൽ ചില കള്ളക്കളികളിലൂടെ പണം വർധിപ്പിക്കാനും കഴിയുമെന്നും അവർ മനസ്സിലാക്കി. ഈ വിധം രാഷ്ട്രതാത്പര്യങ്ങൾക്കും ജനതയുടെ താത്പര്യങ്ങൾക്കും അതീതമായി സ്വാർത്ഥതാത്പര്യങ്ങൾക്കുമാത്രം വിധേയമായി പ്രവർത്തിക്കുന്നതിന്റെ ഫലമായാണ് സാമ്പത്തിക പ്രതിസന്ധി ഉണ്ടാവുന്നത്.

അല്പം കൂടി അടിസ്ഥാനപരമായി ഈ പ്രശ്നങ്ങളെ സമീപിച്ചാൽ നമുക്ക് ഒരു കാര്യം വ്യക്തമാവും. സാധനങ്ങൾ പരസ്പരം കൈമാറിയിരുന്ന ബാർട്ടർ സംവിധാനത്തെ പണം എന്ന ടോക്കൺ ഉപയോഗിച്ച് കൂടുതൽ സൗകര്യപ്രദമാകുമാറ് മാറ്റിമറിച്ചതാണ് സാമ്പത്തിക മേഖലയിലെ മൂല്യത്തകർച്ചയുടെ അടിസ്ഥാനം. ലോകത്തിലെ ഏറ്റവും സമ്പന്നരാജ്യമായി അമേരിക്ക പരിഗണിക്കപ്പെട്ടത് വിദേശവ്യാപാരത്തിൽ അവരുടെ ഡോളറാണ് ലോകരാജ്യങ്ങൾക്കിടയിൽ വ്യാപകമായി വിനിമയം ചെയ്യപ്പെട്ടിരുന്നത് എന്നതിനാലാണ്.

ഓരോ രാജ്യത്തുനിന്നും ഉത്പന്നങ്ങൾ വിദേശത്തേക്കു കയറ്റുമതി ചെയ്ത് ഡോളറായി നേടുന്ന പണം കൂടുതൽ കൈവശമുള്ള രാജ്യങ്ങൾ സമ്പന്നരാജ്യങ്ങളായി അംഗീകരിക്കപ്പെട്ടുപോന്നു. എന്നാൽ ഒരു രാജ്യത്തുള്ള വിഭവങ്ങളുടെയും മനുഷ്യവിഭവശേഷിയുടെയും അടിസ്ഥാനത്തിൽ ലോകരാജ്യങ്ങളുടെ സാമ്പത്തികനില കണക്കിലെടുക്കാൻ ആരുംതന്നെ തയ്യാറായിട്ടില്ല. തയ്യാറാകുന്ന പക്ഷം ലോകസാമ്പത്തിക രംഗത്ത് അമേരിക്കയുടെയൊക്കെ വളരെ വളരെ മുമ്പിലാണ് ഇന്ത്യയും ചൈനയുമെന്ന് മനസ്സിലാക്കുവാൻ കഴിയും.

ഈ വസ്തുത ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കാൻ കിട്ടിയ ഒരു സുവർണാവസരമായി നാം ലോക സാമ്പത്തിക പ്രതിസന്ധിയെ കാണണം. ഒപ്പം സാമ്പത്തിക പ്രതിസന്ധികളിൽനിന്ന് നമ്മുടെ രാജ്യത്തെ എന്നേക്കുമായി മോചിപ്പിക്കാൻ, പണത്തിനുള്ള വിനിമയമൂല്യത്തെ ദുരുപയോഗം ചെയ്തുകൊണ്ട് പണം സ്വരൂപിക്കുന്ന പ്രവണതകളെ മുളയിലേ നുള്ളാനും നാം തീരുമാനിക്കേണ്ടതുണ്ട്.

ഓഹരിവിപണയിൽ നിക്ഷേപം നടത്തി 'കാള'യും 'കരടി'യും കളിച്ചു നേടുന്ന പണത്തെയും അധാർമികമായി കാണേണ്ടതല്ലേ? പണം എന്ന ആശയത്തിന്റെ പ്രയോജനമെന്തെന്നും അത് ദുരുപയോഗം ചെയ്യപ്പെടാവുന്നതും ദുരുപയോഗം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതും എങ്ങനെയൊക്കെയെന്നും, ആ മൂല്യത്തകർച്ചകളിൽ നിന്ന് രക്ഷപ്പെടാൻ എങ്ങനെ കഴിയും എന്നും നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ഭരണകൂടങ്ങൾ ബജറ്റിലെ പണം വകമാറ്റി ചെലവു ചെയ്യുന്നതും വിഭവങ്ങളുടെ ഉത്പാദനത്തിനായി നിക്ഷേപിക്കുന്ന ഓഹരിപ്പണം ചൂതാട്ടത്തിനെന്നതുപോലെ ഉപയോഗിച്ച് വൻതോതിൽ ലാഭമുണ്ടാക്കുകയോ നഷ്ടമുണ്ടാക്കുകയോ ചെയ്യുന്നതുമൊക്കെ പണത്തെ വിനിമയമൂല്യമുള്ളത് എന്നതിലുപരി ഉപയോഗമൂല്യത്തിന് പ്രാധാന്യമുള്ളത് എന്ന നിലയിൽ ചെലവഴിച്ചു ശീലിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ⟐

> **കമ്പനികളെ ബഹുരാഷ്ട്ര സ്വഭാവമുള്ളതാക്കിയാൽ ഉത്പാദനപ്രക്രിയ ഭരണകൂടങ്ങളുടെ നിയന്ത്രണത്തിൽനിന്നു സ്വതന്ത്രമാക്കാനും, അതിലുപരി ഭരണകൂടങ്ങളെ സ്വന്തം താളത്തിനു തുള്ളുന്നവയാക്കി മാറ്റാനും ഓഹരിവിപണയിൽ ചില കള്ളക്കളികളിലൂടെ പണം വർധിപ്പിക്കാനും കഴിയുമെന്നും അവർ മനസ്സിലാക്കി. ഈ വിധം രാഷ്ട്രതാത്പര്യങ്ങൾക്കും ജനതയുടെ താത്പര്യങ്ങൾക്കും അതീതമായി സ്വാർത്ഥതാത്പര്യങ്ങൾക്കുമാത്രം വിധേയമായി പ്രവർത്തിക്കുന്നതിന്റെ ഫലമായാണ് സാമ്പത്തിക പ്രതിസന്ധി ഉണ്ടാവുന്നത്.**

## അറിയേണ്ടും കാര്യങ്ങൾ

### ഗോർഡൻ ബ്രൗണിന്റെ നേതൃത്വത്തിൽ ആരോഗ്യ രക്ഷാ പദ്ധതി;

### പ്രയോജനം ഒരു കോടി ജനങ്ങൾക്ക്



**ബ്രി**ട്ടീഷ് പ്രധാനമന്ത്രി ഗോർഡൺ ബ്രൗൺ മുൻകൈയെടുത്ത്, ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച സൗജന്യ ആരോഗ്യ പരിരക്ഷാപദ്ധതിയുടെ പ്രയോജനം ആദ്യ ഘട്ടത്തിൽ ഒരു കോടി സാധാരണ ജനങ്ങൾക്ക് ലക്ഷ്യമാകും. നേപ്പാൾ, മാലവി, ഘാന, ലൈബീരിയ, ബറൂണ്ടി, സിയാറലിയോൺ എന്നീ അവികസിത രാജ്യങ്ങളാണ് ആദ്യം പദ്ധതിയുടെ പരിധിയിൽ വരിക. ഐക്യരാഷ്ട്രസഭ ഇതിനായി അഞ്ച് ബില്യൺ ഡോളറിന്റെ (25000 കോടി രൂപ) ഫണ്ടാണ് ലക്ഷ്യമിടുന്നത്. ഇംഗ്ലണ്ട്, ഓസ്ട്രിയ, നോർവെ, നെതർലാൻഡ്സ് എന്നീ രാജ്യങ്ങളിൽ നിന്നും ഫണ്ട് സ്വരൂപിക്കാനാണ് തീരുമാനം.

പ്രാഥമികമായി പിഞ്ചുകുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യപരിപാലനമാണ് ലക്ഷ്യം. ശിശുമരണനിരക്ക് ആഗോളവ്യാപകമായി ഉയരുന്നു എന്ന റിപ്പോർട്ട് ഏതാനും ദിവസങ്ങൾക്കുമുമ്പാണ് പുറത്തുവന്നത്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയവയിൽ നേപ്പാൾ ഒഴികെ ബാക്കിയെല്ലാം ആഫ്രിക്കൻ രാജ്യങ്ങളാണ്. കാരണം, ഏഷ്യയിലെ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് നേപ്പാളിലെ സ്ഥിതി ഭീതിദമാണ്. അവിടെ 80 ശതമാനം ഗർഭിണികളും പ്രസവിക്കുന്നത് വീടുകളിൽ തന്നെയാണ്. ഇത് അത്യന്തം അപകടകരമാണ്. കൂടാതെ പതിനാറിൽ ഒരു കുട്ടി വീതം അഞ്ച് വയസ്സ് പ്രായമെത്തുംമുമ്പേ മരണമടയുന്നു എന്നും റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തുന്നു.

*********

### 'അവ്ട്ടോവാസ്' നാലിലൊന്നു ജീവനക്കാരെ പിരിച്ചുവിട്ടു



**റ**ഷ്യയിലെ ഏറ്റവും വലിയ കാർ നിർമാതാക്കളായ അവ്ട്ടോവാസ് തങ്ങളുടെ ആകെയുള്ള ജീവനക്കാരിൽ 25 ശതമാനത്തിൽ അധികം പേരെ പിരിച്ചുവിട്ടു. ആകെ ജീവനക്കാർ 102000 ആണ്. പിരിച്ചുവിടപ്പെട്ടതാകട്ടെ 27,600 പേരും. കാർ വില്പനയിൽ ഉണ്ടായ വൻ ഇടിവാണ് ചെലവുചുരുക്കലിന്റെ ഭാഗമായുള്ള കമ്പനിയുടെ ഈ നടപടിക്ക് വഴിവെച്ചത്.

കമ്പനിയുടെ ഏറെ പ്രചാരം ലഭിച്ച മോഡലായ 'ലഡാ'യുടെ വില്പനയിൽ ഈ വർഷം ഉണ്ടായ ഇടിവ് 40 ശതമാനമാണ്. യൂറോപ്പിലെ ഏറ്റവും വലിയ കാർ വിപണിയായ റഷ്യയിലെ വിപണിതകർച്ച മറ്റു നിരവധി വാഹന നിർമാണ കമ്പനികളെയും വൻ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്.

എന്നാൽ ഇപ്പോൾ പിരിച്ചുവിടപ്പെട്ടവരിൽ ആറായിരം പേർക്ക് 2012ൽ കമ്പനിയിൽ നിയമനം നടത്തുമ്പോൾ മുൻഗണനാക്രമത്തിൽ പ്രവേശനം നല്കുമെന്നും കമ്പനി പറയുന്നു. കഴിഞ്ഞ മാസം കമ്പനിയിൽ കാർ നിർമാണം പൂർണമായും നിർത്തിവച്ചിരുന്നു. കെട്ടികിടക്കുന്ന സ്റ്റോക്കുകൾ വിറ്റഴിഞ്ഞതിനു ശേഷമേ നിർമാണം ആരംഭിക്കൂ എന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

*******

CYAN MAGENTA YELLOW BLACK




# ഹെയ്ദി

## സ്വപ്നാടനം

**അ**തിനിടെ ഒരു രാത്രി വെളുത്ത വസ്ത്രം ധരിച്ച ഒരു രൂപത്തെ കോണിപ്പടിയിൽ കണ്ടു ഭയന്നുപോയ സെബാസ്റ്റ്യൻ വിവരമെല്ലാം യജമാനോട് പറഞ്ഞു. ആ കഥ കേട്ട് പരുക്കൻ സ്വഭാവക്കാരിയായ റോട്ടൻമിയർ പോലും പേടിച്ചുവിറച്ചു.

എന്താണ് സംഭവിക്കുന്നതെന്നറിയാൻ സെസെമൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു. രാത്രി അടച്ചിട്ട വാതിൽ പ്രഭാതത്തിൽ തുറന്നുകിടക്കുക പതിവായി. ഒരു ദിവസം ക്ലാരയുടെ ഡോക്ടറെ വരുത്തി വിവരമെല്ലാം സെസെമൻ അദ്ദേഹത്തോട് പറഞ്ഞു. ഇരുവരും കൂടി ആ രാത്രി ഉറക്കമൊഴിഞ്ഞിരുന്ന് ഇതിന്റെ വാസ്തവം കണ്ടുപിടിക്കാൻ തീരുമാനിച്ചു. രാത്രി ഒരുപാട് ഇരുട്ടുവോളം അവർ ചായയും കുടിച്ച് വർത്തമാനം പറഞ്ഞിരുന്നു.

പെട്ടെന്ന് ഒരു വെളുത്തരൂപം കോണിപ്പടിയിൽ പ്രത്യക്ഷപ്പെട്ടു. അവർ ഇരുവരുംകൂടി ധൈര്യപൂർവം ആ രൂപത്തെ സമീപിച്ചു.

"ആരാത്?"

സെസെമൻ ഉറക്കെ ചോദിച്ചു.

ആ രൂപം തിരിഞ്ഞുനിന്നു. അത് ഹെയ്ദിയായിരുന്നു. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. വെളുത്ത നിശാവസ്ത്രമണിഞ്ഞ് കാലിൽ ചെരിപ്പിടാതെ നില്ക്കുന്ന ഹെയ്ദി അവരെ കണ്ടപ്പോൾ ഞെട്ടിവിറച്ചുപോയി.



"ഹെയ്ദി, നീയെവിടെപ്പോകുന്നു? എന്തിനാണിപ്പോൾ ഇവിടെ വന്നത്"? ഡോക്ടർ വളരെ ശാന്തനായി അവളുടെ മുടിയിൽ തടവിക്കൊണ്ട് ചോദിച്ചു.

"എനിക്കറിയില്ല- എനിക്കൊന്നുമറിയില്ല."

**ബാലനോവൽ -12**

**ജോഹന്നാസ് സ്പൈറി**

**പുനരാഖ്യാനം: കിളിരൂർ രാധാകൃഷ്ണൻ**

പെട്ടെന്ന് അങ്ങനെ പറഞ്ഞ് ഹെയ്ദി പൊട്ടിക്കരഞ്ഞു. ഡോക്ടർ അവളെ അടുത്തു പിടിച്ചിരുത്തി വാത്സല്യത്തോടെ പലതും പറഞ്ഞ് സമാധാനിപ്പിച്ചു. ഹെയ്ദി വളരെ ദിവസങ്ങളായി സ്വപ്നാടനം എന്ന രോഗത്തിനിരയാണെന്നും, രാത്രി ഉറക്കത്തിൽ എഴുന്നേറ്റ് നടന്ന അവളെക്കണ്ടാണ് ഇതുവരെ എല്ലാവരും പേടിച്ചിരുന്നതെന്നും ഡോക്ടർക്ക് മനസ്സിലായി.

രോഗത്തിന് കാരണമെന്താണെന്നും ഡോക്ടർ അവളോട് സംസാരിച്ചു മനസ്സിലാക്കി. അവൾക്ക് ഗൃഹാതുരതയാണ് പ്രശ്നം. മലമുകളിലെ വീടും അപ്പൂപ്പനും മുത്തശ്ശിയുമൊക്കെ അവളുടെ മനസ്സിനെ വല്ലാതെ നീറ്റുന്നുണ്ട്. അവരുടെ അടുത്ത് മടങ്ങിയെത്താൻ അവൾ ഏറെ ആഗ്രഹിക്കുന്നുമുണ്ട്. ക്ലാരയുടെ അമ്മൂമ്മ പോയപ്പോൾ മുതലാണ് ഈ വിരഹദു:ഖം അവളെ വേട്ടയാടാൻ തുടങ്ങിയത്. ഡോക്ടർ സെസെമനോട് പറഞ്ഞു.

"ഈ പിഞ്ചുകുട്ടിയെ ഗൃഹാതുരത വേട്ടയാടുകയാണ്. രാത്രി ഉറക്കത്തിൽ അവൾ തന്റെ വീടും വീട്ടുകാരെയുമൊക്കെ സ്വപ്നം കാണുന്നു. എന്നിട്ട് ഉറക്കത്തിൽ അറിയാതെ എഴുന്നേറ്റ് നടക്കുകയാണ്. അവളുടെ ആരോഗ്യം വളരെ മോശമാണ്. ചികിത്സകൊണ്ടൊന്നും അത് ശരിയാക്കാനാവില്ല. നാളെത്തന്നെ അവളെ അവളുടെ വീട്ടിലേക്ക് മടക്കി അയയ്ക്കണം.

ഇതുകേട്ട് സെസെമന് വലിയ പ്രയാസം തോന്നി. തന്റെ മകൾ ക്ലാര വീണ്ടും ഒറ്റയ്ക്കാവുമല്ലോ. അവളുടെ പ്രസരിപ്പും സന്തോഷവുമൊക്കെ നഷ്ടമാകും. പക്ഷേ താൻ അത്ര സ്വാർത്ഥനാകാനും പാടില്ല. ഈ കുട്ടിയെ രക്ഷിക്കുകയാണിപ്പോൾ പ്രധാനം.

"ഡോക്ടർ, ഇവൾ പോയാൽ എന്റെ മകളുടെ കാര്യം വലിയ കഷ്ടത്തിലാവും. എന്നാലും അയയ്ക്കാതെ വയ്യല്ലോ. നാളെത്തന്നെ അവളെ അവളുടെ വീട്ടിലേക്ക് അയയ്ക്കാം."

*(തുടരും)*

## സിപ്പിയങ്കിളും കുട്ട്യോളും

# പടച്ചട്ടയണിഞ്ഞ പുണ്യവതി

*പ്രിയ കൂട്ടുകാരേ,*

ധീരമായ മനസ്സും ദൈവത്തിന്റെ അനുഗ്രഹവുമുണ്ടെങ്കിൽ എത്ര നിസ്സാരനായ മനുഷ്യനും ഉന്നതിയിലെത്താൻ കഴിയും. കടത്തുകൂലി കൊടുക്കാൻ കാശില്ലാതെ ഗംഗാനദി നീന്തിക്കടന്ന് വിദ്യാലയത്തിൽ പോയ ലാൽ ബഹാദൂർ ശാസ്ത്രി ഭാരതത്തിന്റെ പ്രധാനമന്ത്രിയായില്ലേ? കുടയില്ലാത്തതുമൂലം പെരുമഴയത്ത് ചേമ്പില ചൂടി വിദ്യാലയത്തിൽ പോയ കേച്ചേരി രാമൻ വൈദ്യന്റെ മകൻ നാരായണൻ ഭാരതനാടിന്റെ രാഷ്ട്രപതിയായില്ലേ? ആട്ടിടയനായ ദാവീദ് ദൈവഭൂമിയായ ഇസ്രായേലിന്റെ അധിപതിയായില്ലേ? പരാജിതയായ സ്വന്തം മാതാവിന്റെ മാനം കാക്കാൻ അരങ്ങിൽ ചാടിക്കയറി കലാപ്രകടനങ്ങൾ നടത്തിയ ചാർലി ചാപ്ലിൻ എന്ന കൊച്ചുപയ്യൻ പില്ക്കാലത്ത് മാലോകരുടെ മുഴുവൻ നർമചക്രവർത്തിയായില്ലേ?

ഇവിടെയെല്ലാം നമ്മൾ കാണുന്നത് ഉയർന്ന ശിരസ്സും നിർമലമായ മനസ്സുമുള്ളവരെയാണ്:

'പടച്ചട്ടയണിഞ്ഞ പുണ്യവതി'യെന്ന് ലോകം മുഴുവൻ അറിയപ്പെടുന്ന ജോവാൻ ഓഫ് ആർക്കിന്റെ കഥ ഇതിന് നല്ലൊരുദാഹരണമാണ്.

ഒരു പാവപ്പെട്ട കുടുംബത്തിൽ പിറന്ന എഴുത്തോ വായനയോ അറിയാത്ത പെൺകുട്ടിയായിരുന്നു ജോവാൻ. പക്ഷേ അവൾക്ക് നാടിനോടും നാട്ടുകാരോടും അതിയായ സ്നേഹമുണ്ടായിരുന്നു.

വെള്ളക്കാരുടെ ചവിട്ടടിയിൽകിടന്ന് തന്റെ മാതൃരാജ്യമായ ഫ്രാൻസ് എരിപൊരികൊള്ളുന്നത് ജോവാൻ നേരിട്ടു മനസ്സിലാക്കി. ആത്മവീര്യം ചോർന്നുപോയ ഫ്രഞ്ചുപടയാളികളെ സധീരം മുന്നോട്ടു നയിക്കാൻ നട്ടെല്ലുള്ള ഒരാളില്ലാതെ ഫ്രഞ്ചു ജനത വിഷമിക്കുന്ന സന്ദർഭമായിരുന്നു അത്. അപ്പോഴാണ് ദൈവം പറഞ്ഞയച്ച ഒരു മാലാഖയെപ്പോലെ ജോവാൻ ഫ്രഞ്ചു രാജധാനിയിൽ പറന്നെത്തിയത്.

എട്ടും പൊട്ടും തിരിയാത്ത ഒരു പെൺകിടാവ് സേനയെ നയിക്കാൻ മുന്നോട്ടുവന്നപ്പോൾ കണ്ടവരും കേട്ടവരുമെല്ലാം കണക്കിനു പരിഹസിച്ചു. എന്നാൽ ശത്രുപാളയത്തിലേക്ക് ഒരു മിന്നൽപ്പിണരുപോലെ പാഞ്ഞെത്തിയ ജോവാന്റെ സമരവീര്യം കണ്ട് ശത്രുക്കൾ നടുങ്ങി. കുതിരപ്പുറത്തിരുന്ന് അവൾ സധീരം പൊരുതി. ഉഗ്രമായ ആ പോരാട്ടത്തിൽ ഫ്രഞ്ചുപട്ടാളം വിജയകിരീടം ചൂടി!

എന്നാൽ തോറ്റുതൊപ്പിയിട്ട വെള്ളപ്പരിഷകൾ കേവലം പത്തൊമ്പതു വയസുമാത്രം പ്രായമുള്ള ആ ധീരകന്യകയെ ചതിക്കെണിയിൽ കുടുക്കി ചുട്ടെരിച്ചുകൊന്നു! എങ്കിലെന്ത്? നാടിനുവേണ്ടി വീരചരമമടഞ്ഞ ആ ധീരകന്യക ഫ്രഞ്ച് ജനതയ്ക്കു മുഴുവൻ ആവേശമായി മാറി. ഫ്രാൻസിന്റെ ദേശീയവനിതയായി അവൾ അംഗീകരിക്കപ്പെട്ടു. ലോകചരിത്രത്തിൽ അവളൊരു ഇതിഹാസ പുത്രിയായി. എന്തിനു പറയുന്നു; കാലാന്തരത്തിൽ ഒരു പുണ്യവതിയായും അവൾ മനുഷ്യമനസ്സുകളിൽ സ്ഥാനം പിടിച്ചു!

ഇതുപോലെ സ്വന്തം നാടിനു വേണ്ടിയും ജനതയ്ക്കുവേണ്ടിയും പ്രാണൻ പോലും കൊടുക്കാനുള്ള ഒരു ധീരമായ മനസ്സാണ് നമുക്കും വേണ്ടത്.

സസ്നേഹം

***സിപ്പിയങ്കിൾ***

## അക്ഷരഗാനം

**ഔ**



**ഔ**ന്നത്യം നമ്മെ തേടിയെത്തും
ദാനധർമങ്ങൾ ചെയ്തിടുമ്പോൾ!
ഔഷധമെത്തി; പനി മാറി
ഔസേപ്പച്ചനു രസമേറി!

**മാത്യു കാരാംവേലി**